TROUBLES AT ANTHIKAD

401. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുന്ന ചോദ്യത്തിന്ന ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

അന്തിക്കാട്ട കഴപ്പങ്ങൾ തുടങ്ങിയ ശേഷം അവിടെ സാധാരണയിലും വിശേഷാലും പല വകുപ്പുകളിലായി ഡ്യൂട്ടിയിൽ ഇരുന്നിരുന്നവരും ഇപ്പോൾ ഇരിക്കുന്നവരുമായ ഉദ്യോഗസ്ഥന്മാർ (ആപ്പീസർമാർ മുതൽ ശിപായിവരെ) ഏതേതു സമുദായങ്ങളിൽപെട്ടവരാണ്.

റാവുസാഹിബ് എ. മാധവപ്പിള്ള: വിവരങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. (Appendix II.)

TINNED PROVISIONS—AUCTION OF

402. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) നാശം വന്നുപോയിട്ടുള്ള ടിൻ പ്രൊവിഷനുകൾ ലേലം വിളിക്കുന്നതിന്നു പുറമെനിന്നു വല്ലവരേയും നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെന്നുവരികിൽ ആരെയാണ്;

(സി) എന്തു പ്രതിഫലം കൊടുക്കാമെന്നുള്ള കരാറിന്മേലാണ്,

(ഡി) എത്ര സംഖ്യക്കുള്ള സാധനങ്ങൾ ലേലം വിളിച്ചുവെന്നും എത്ര സാധനങ്ങളാണ ലേലംവിളിച്ചതെന്നും വിവരമായ ഒരു കണക്ക മേശപ്പുറത്തു വെക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ബാക്കി കയ്യിരിപ്പുള്ള ടിൻ പ്രൊവിഷനുകൾ ലേലം വിളിക്കുവാൻ പുറമെനിന്നും ആളെ ഏല്പിച്ചിരുന്നു.

(ബി) ലേലംവിളിക്കുവാൻ ഏല്പിച്ചിരുന്നതു മിസ്റ്റർ ഫ്രാങ്ക് എബ്രാഹാമിനെയാണ്.

(സി) ലേലസംഖ്യയിൽ ആദ്യത്തെ റ. ൫, ൦ ൦ ൦ രൂപ്പികക്ക രണ്ടു ശതമാനവും, പിന്നത്തെ റ. ൫, ൦ ൦ ൦-ത്തിന ഒരു ശതമാനവും, പിന്നത്തെ രണ്ടു ലക്ഷത്തിന്ന അര ശതമാനവും, അതിന്മീതെവരുന്ന സംഖ്യക്ക കാൽ ശതമാനവും ആണ് പ്രതിഫലം നിശ്ചയിച്ചിട്ടുള്ളതു.

(ഡി) കച്ചവടം കഴിയുന്നതിന്ന മുമ്പ് ഈ വിവരങ്ങൾ പുറത്താക്കുന്നതു ശരിയായിരിക്കയില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ കമ്മീഷൻ ആദ്യത്തെ റ൫,൦൦൦ ക. ക്ക് രണ്ടു ശതമാനവും, പിന്നീടുള്ള റ൫,൦൦൦ ക. ക്ക് ഒരു ശതമാനവും, പിന്നീടുള്ള രണ്ടുലക്ഷം സംഖ്യക്ക് അരശതമാനവും അതിന്മീതെവരുന്ന സംഖ്യക്ക് കാൽശതമാനവും എന്ന തീരുമാനിക്കുവാനുള്ള കാരണം എന്താണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയൊക്കെയാണ് സാധാരണ പതിവു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇരുപത്തിഅയ്യായിരം രൂപ്പികയിൽ കൂടുതൽ വരുന്ന സംഖ്യക്ക ഇത്ര കുറവായിട്ടു വരുവാനുള്ള കാരണമെന്താണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാധാരണ ഇങ്കംടാക്സ് ഇൻവേഴ്സായിട്ടുള്ള ഒരു രീതിയാണ് ഇതു്.

VILLAGE COURT AT KALLOOR

403. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) കല്ലൂർ തെക്കുംമുറി വില്ലേജ് കോട്ട് നടത്തിവരുന്ന സ്ഥലം ആരുടെ വകയാകുന്നു. എവിടെയാണ് ഈ ആപ്പീസ്സു സ്ഥിതിചെയ്യുന്നതു;

(ബി) ആ കെട്ടിടത്തിന്റെ ഉടമസ്ഥനു് ആപ്പീസ്സു കെട്ടിടത്തിന്റെ അരികത്തും പരിസരങ്ങളിലും കൂടി ഉദ്ദേശം എത്ര ഏക്കു് വസ്തു ഉണ്ടു;

(സി) ഈ വില്ലേജ് കോട്ടിന്റെ ആവശ്യത്തിലേക്ക ഗവമ്മെണ്ടിൽനിന്നും സ്ഥലം അകപയർ ചെയ്യാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതുസ്ഥലം, ആരുടെവക, എന്തുജാതി;

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

(Vide sub-division (a) of the question No. 397)

Sl. No.	Name of head	1119 Rs.	1119 A.	1119 P.	1120 Rs.	1120 A.	1120 P.	1121 Rs.	1121 A.	1121 P.	1122 Rs.	1122 A.	1122 P.
1	Establishment	880	14	0	2,932	1	0	4,280	8	0	4,770	9	0
2	Temporary establishment	..			..			364	4	0	785	3	0
3	Travelling allowance	1	10	0	14	11	0	6	4	0	26	15	0
4	Medical appliances	80	2	6	68	0	0	100	0	0	100	0	0
5	Bedding and clothing	197	6	6	99	2	6	265	10	0	241	9	0
6	Dietary charges	192	0	2	429	8	3	953	2	4	1,401	14	1
7	Kitchen utensils	299	13	3	58	0	0	193	8	0	62	0	0
8	Cost of medicines	1,383	2	11	2,947	1	7	6,888	14	9	6,304	13	8
9	Furniture	480	8	0	50	0	0	200	0	0	155	0	0
10	Rent	122	0	0	360	0	0	360	0	0	340	0	0
11	Lighting charges	19	6	10	27	11	0	39	14	2	19	8	0
12	Miscellaneous	183	6	9	108	6	0	133	12	0	75	0	0
13	Cleaning charges	11	6	0	36	0	0	36	0	0	40	0	0
14	Service labels	15	0	0	25	0	0	25	0	0	20	0	0
15	Reference books	16	9	6	9	0	0		..			..	
16	Office expenses	26	4	0	75	0	0		..			..	

APPENDIX II

(Please see answer to question No. 401)

നമ്പർ	സമുദായം	പോലീസു ഡിപ്പാർട്ടുമെണ്ടു്	മെജിസ്ട്രീരിയൽ ഡിപ്പാർട്ടുമെണ്ടു്	എക്സൈസ്സു് ഡിപ്പാർട്ടുമെണ്ടു്
൧	ബ്രാഹ്മണൻ	൧	..	..
൨	തമിഴ നോൺബ്രാഹ്മണൻ	..	..	൧
൩	നായർ	൧ ൫	൨	൨ ൨
൪	ഈഴവൻ	൭	൨	൨ ൧
൫	ഇളയതു്	൨	..	..
൬	എഴുത്തശ്ശൻ	൨	..	൩
൭	പുലയൻ	..	൨	..
൮	ആശാരി	..	..	൧
൯	തരകൻ	..	..	൧
൧൦	വാലൻ	..	..	൧
൧൧	കഡുംബിചെട്ടി	..	..	൧
൧൨	ചെട്ടിയാർ	..	..	൨
൧൩	പട്ടാണ്ടു	..	..	൨
൧൪	കുസ്സ്യാനി	൪	൨	൨ ൭
൧൫	മുസ്ലീം	൩	..	൭
൧൬	ആംഗ്ലോ-ഇന്ത്യൻ	൧	..	..

ഇതിനു പുറമെ ഇപ്പോൾ പല ജാതികളിലും പെട്ട ൫൦ റിസർവ്വ പോലീസ്സുകാരും ഞന്തിക്കാട്ടുണ്ടു്. ഇവരെ ക്കൂടെക്കൂടെ മാറ്റുന്നുണ്ടു്. കഴപ്പം തുടങ്ങിയ ഉടനെ ൧൫൦ റിസർവ്വുകാർ അവിടെ കുറച്ചു ദിവസത്തേക്കു ഡ്യൂട്ടിയിലുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly